മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥൻമാർക്ക് ഐ.എം.ജി.യിൽ വച്ച് ഈ സാമ്പത്തികവർഷവും ഔദ്യോഗിക ഭാഷ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. താലൂക്ക് തലം വരെയുള്ള ആഫീസുകളിൽ മലയാളം കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച നിർദ്ദേശം പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി മലയാളം ടൈപ്പ്റൈറ്ററുകളുടെയും കമ്പ്യൂട്ടറുകളുടെയും ലിപി ഏകീകരണം സംബന്ധിച്ച നിർദ്ദേശവും പരിഗണനയിലുണ്ട്.

തമിഴ്നാട് ഉപയോഗിക്കുന്ന മുല്ലപ്പെരിയാർ ജലം

30 (*180)ശ്രീ. കെ.എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ജലം ഗാർഹികവാണിജ്യ-വ്യാവസായികാവശ്യങ്ങൾക്കായി തമിഴ്നാട് ഉപയോഗിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി കേരള സർക്കാർ തമിഴ്നാടിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ 1886-ലെ കരാർ പ്രകാരവും 12.5.1941-ലെ അമ്പയർ വിധി പ്രകാരവും മുല്ലപ്പെരിയാർ ജലം ഗാർഹിക-വ്യാവസായിക-വാണിജ്യാവശ്യങ്ങൾക്ക് തമിഴ്നാട് ഉപയോഗിക്കുന്നത് കരാർ ലംഘനമാകയാൽ കരാർ റദ്ദാക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(ഡി) കാരാർ ലംഘനത്തിനെതിരെ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട്ടിലെ കൃഷിക്കുവേണ്ടിയാണ് ഉദ്ദേശിച്ചിരുന്നത്. 1970-ലെ അനുബന്ധക്കരാർ പ്രകാരം ഈ ജലമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തമിഴ്നാട്ടിന് അവകാശം നൽകി. ഇതല്ലാതെ ഈ ജലം ഗാർഹിക-വാണിജ്യ-വ്യാവസായികാവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നതായി അറിവില്ല.

(ബി) ഇല്ല.

(സി)-(ഇ) കരാർ ലംഘനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാർ ടെലഫോൺ ഉപയോഗിച്ച വകയിൽ ചെലവായ തുക

1 (653)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും ടെലഫോൺ ഉപയോഗിച്ച വകയിൽ എന്തുതുക വീതം ചെലവ് വരുത്തിയിട്ടുണ്ടെന്ന വിവരം മന്ത്രിമാരുടെ പേരിനോടൊപ്പം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly